# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4118

20.03.2018 - ൽ
മറുപടിയ്ക്ക്

### കാർഷിക സർവകലാശാലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ

**ചോദ്യം**
**ശ്രീ.മുഹമ്മദ് മുഹസിൻ.പി.**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

എ) കാർഷിക സർവകലാശാലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ നിയമന യോഗ്യതയോ ജോലിയുടെ സ്വഭാവമോ ശരിയായ രീതിയിൽ പരിഗണിക്കപ്പെട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

ബി) ഇത്തരം ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനായി മിനിസ്റ്റീരിയൽ ജീവനക്കാർക്കും സാങ്കേതിക ജീവനക്കാർക്കും ഒരു പോലെ പ്രാതിനിധ്യമുള്ള ഒരു സമിതിയെ നിയോഗിച്ച് വിഷയങ്ങൾ പഠിച്ച് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

എ) & ബി) ഉണ്ട്. സർവകലാശാലകളിലെ ജീവനക്കാരുൾപ്പെടെയുള്ളവരുടെ ശമ്പളം പരിഷ്കരിക്കുന്നത് കാലകാലങ്ങളിൽ നിയമിക്കപ്പെടുന്ന ശമ്പളപരിഷ്കരണ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിലാണ്. വിവിധ വിഭാഗം ജീവനക്കാരുടെ യോഗ്യതകളും ജോലിയുടെ സ്വഭാവവും അടക്കമുള്ള വിവിധ വിഷയങ്ങൾ പരിശോധിച്ച ശേഷമാണ് ശമ്പളപരിഷ്കരണ കമ്മീഷൻ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നത്. ഇത്തരത്തിൽ സർക്കാർ ജീവനക്കാരുടേതുൾപ്പെടെയുള്ള സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിലേയ്ക്കായി നിയമിച്ച ഒമ്പതും, പത്തും ശമ്പളപരിഷ്കരണ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ ഇതുമായി ബന്ധപ്പെട്ട മന്ത്രിസഭാ ഉപസമിതി പരിശോധിച്ചശേഷം മന്ത്രിസഭാ യോഗത്തിന്റെ തീരുമാനപ്രകാരമാണ് ശമ്പളപരിഷ്കരണ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട അനോമലികൾ പരിഹരിച്ചു നൽകുന്നതിനായി സർക്കാർ തലത്തിൽ സംവിധാനങ്ങൾ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ